ഒരു ഭാഗത്തുള്ള അപ്രോച്ച് റോഡ് പൂർത്തിയായി. ഏലൂർ ഭാഗത്തേയ്ക്കുള്ള അപ്രോച്ച് റോഡിൽ ഒരു 110 കെ. വി. ഇലക്ട്രിക്ക് ലൈൻ മാറേണ്ടതുണ്ട്. അത് മാറാൻ പല പ്രാവശ്യം ഡിപ്പാർട്ടുമെൻറിനോടാവശ്യപ്പെട്ടിട്ടും മാറിയിട്ടില്ല. അത് മാറിക്കഴിഞ്ഞാൽ അപ്രോച്ച് റോഡിൻറെ പണിയും പൂർത്തിയാക്കുവാൻ കഴിയും. 1987 ഏപ്രിൽ മാസത്തിലാണ് പണി തീരേണ്ടത്. അതിന് ജൂൺ മാസം വരെ സമയം വാങ്ങിയിട്ടുണ്ട്. അതിനുമുമ്പായി പാലത്തിൻറെയും അപ്രോച്ച് റോഡിൻറെയും പണി പൂർത്തിയാകും.

(8) മണ്ണാർക്കാട് ശുദ്ധജല വിതരണ പദ്ധതി

ശ്രീ. പി. കുമാരൻ: സർ, എൻറെ മണ്ഡലത്തിലെ മണ്ണാർക്കാട് ശുദ്ധജല വിതരണ പദ്ധതി 40 ലക്ഷം രൂപയുടെ അനുമതിക്കായി അയച്ചിട്ടുണ്ടെന്ന് 1982-ൽ എൻറെ ഒരു ചോദ്യത്തിനുത്തരമായി ഇവിടെ പറഞ്ഞു. എന്നാൽ 10-ാം തീയതി വീണ്ടും എൻറെ ഒരു ചോദ്യത്തിനുത്തരമായി 70 ലക്ഷം രൂപയുടെ അനുമതിക്കായി കേന്ദ്ര ഗവൺമെൻറിലേയ്ക്ക് അയച്ചിട്ടുണ്ടെന്ന് പറഞ്ഞു. അനുമതി കിട്ടിയ ഉടനെതന്നെ അത് നടപ്പിലാക്കുമെന്നും പറഞ്ഞു. അരലക്ഷത്തിലേറെ ജനങ്ങൾ പാർക്കുന്ന ആ പ്രദേശത്ത് ഗവൺമെൻറ് ആശുപത്രിയിൽ ശുദ്ധജലമെത്തിക്കുന്നതിനുവേണ്ടിയുള്ള ഒരു ചെറിയ പദ്ധതിമാത്രമാണുള്ളത്. അതുകൊണ്ട് ഗവൺമെൻറ് ഇക്കാര്യം അടിയന്തിരമായി ശ്രദ്ധിച്ച് നടപ്പിലാക്കണമെന്നഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇപ്പോഴുള്ള പദ്ധതി വിപുലീകരിച്ച്, അതായത് കുന്തിപ്പുഴയിൽ നിന്ന് വെള്ളം എടുക്കത്തക്കവണ്ണമുള്ള ഒരു പദ്ധതി ആക്സിലറേറഡ് സ്കീമിൽ 70 ലക്ഷം രൂപ മുടക്കി 46,520 ജനങ്ങൾക്ക് പ്രയോജനം കിട്ടത്തക്കവണ്ണമുള്ള ഒരു മേജർ ശുദ്ധജല വിതരണ പദ്ധതിയാണ്. അത് കേന്ദ്ര ഗവൺമെൻറിൻറെ അനുമതിക്കായി അയച്ചിരിക്കുകയാണ്. കേന്ദ്രഗവൺമെൻറിൻറെ അനുമതി കിട്ടിയാൽ ഉടനെതന്നെ നടപ്പിലാക്കുവാൻ കഴിയും.

(9) മഹിളാപ്രധാൻ ഏജൻറുമാർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ

ശ്രീ. വി. ദിനകരൻ: സർ, ദേശീയ സമ്പാദ്യ പദ്ധതിയിലേയ്ക്ക് പണം സമാഹരിക്കുന്ന നാലായിരത്തോളം മഹിളാപ്രധാൻ ഏജൻറുമാർ കേരളത്തിലുണ്ട്. 1985-86-ൽ 15 കോടിരൂപ അവർ സമാഹരിക്കുകയുണ്ടായി. അയ്യായിരം രൂപ വരെ രണ്ടരശതമാനവും പതിനായിരം രൂപ വരെ മൂന്നു ശതമാനവും പതിനായിരം രൂപയ്ക്ക് മുകളിൽ നാലുശതമാനവും കമ്മീഷൻ മാത്രമാണവർക്ക് കിട്ടുന്നത്. അതും തക്ക സമയത്ത് കിട്ടുന്നില്ല. തക്കസമയത്ത് അത് കൊടുക്കണം. അവരുടെ അലവൻസ് 20 ശതമാനം കൂടി വർദ്ധിപ്പിക്കണം. ഗ്രാമവികസന വകുപ്പിലെ നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെൻറിലുള്ള നിയമനങ്ങളിൽ അവർക്ക് സംവരണം കൊടുക്കണം. അതുപോലെതന്നെ 100 കോടി രൂപ സമാഹരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി ഇവിടെ പറഞ്ഞു. അത് സമാഹരിക്കുന്ന സാഹചര്യത്തിൽ ഇവരെകൂടി പങ്കെടുപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം. ദേശീയ

LIBRARY ARCHIVES Kerala Legislative Assembly

സമ്പാദ്യ പദ്ധതിയിലേയ്ക്ക് ധനം സമാഹരിക്കുന്ന ഈ പദ്ധതി അന്തരിച്ചുപോയ പ്രധാനമന്ത്രിയുടെ ഒരു പദ്ധതിയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി താൽപ്പര്യം കാണിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, മുവ്വായിരത്തിലധികം മഹിളാപ്രധാൻ ഏജൻറുമാർ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അവർ ശരിക്ക് പ്രവർത്തിക്കുകയാണെങ്കിൽ അവർക്ക് ഇന്ന് കിട്ടുന്ന കമ്മീഷൻകൊണ്ട് ഭംഗിയായി ജീവിക്കുവാനുള്ള സാഹചര്യമുണ്ട്. പതിനായിരം രൂപ കളക്ട് ചെയ്താൽ തൊള്ളായിരം രൂപ സ്റ്റേറ്റ് ഗവൺമെൻറിനേറെയും കേന്ദ്ര ഗവൺമെൻറിനേറെയുമായിട്ട് കമ്മീഷൻ ഉണ്ട്. പക്ഷേ പ്രവർത്തിക്കാതെ കാശ് കൊടുക്കണമെന്നു പറഞ്ഞാൽ പററില്ല. പ്രവർത്തിച്ചാൽ തൊള്ളായിരമല്ല 40,000 രൂപ വരെ പ്രതിവർഷം കിട്ടുന്ന മഹിളാപ്രധാൻ ഏജൻറൻമാരുണ്ട്. ഇവർ ഒന്ന് ശരിക്ക് പ്രവർത്തിച്ചാൽ മതി. അടുത്ത നിക്ഷേപ സമാഹരണത്തിൽ ഇവരെക്കൂടി പങ്കെടുപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. അഞ്ചുവർഷം കഴിഞ്ഞാൽ ഇവരെ ഗ്രാമവികസന വകുപ്പിൽ നിയമിക്കണമെന്നു പറഞ്ഞാൽ ബുദ്ധിമുട്ടാണ്: കാരണം ഗ്രാമവികസനവകുപ്പിലുള്ള നിയമനങ്ങളെല്ലാം നടത്തുന്നത് പി. എസ്. സി. യാണ്. ഗവൺമെൻറിന് അതിൽ ഒന്നും ചെയ്യാൻ കഴിയുകയില്ല.

(10) : കണ്ണൂരിലെ ഗവൺമെൻറ് പ്രസ്സിൻെറ ശോച്യാവസ്ഥ

ശ്രീ. പി. ജോസ്കരൻ: സർ, വർഷങ്ങളായി കണ്ണൂരിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് പ്രസ്സിൻെറ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രസ്സ് സെൻട്രൽ ജയിലിലായിരുന്നു പ്രവർത്തിച്ചിരുന്നത്. 1980-ൽ പുതിയ കെട്ടിടത്തിലേയ്ക്ക് മാറുകയുണ്ടായി. അവിടെ യാതൊരു സൗകര്യങ്ങളുമില്ല. അവിടെ സീലിംഗ് ഇല്ല, ഫാൻ ഇല്ല. ചൂട്. അനുഭവപ്പെടുകയാണ്. അതുകൊണ്ട് അടിയന്തിരമായി ഈ കെട്ടിടത്തിൻെറ അസൗകര്യങ്ങൾ തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ അവിടെ വെള്ളം ഇല്ല. പ്രസ്സ് പ്രവർത്തിക്കാനാവശ്യമായ വെള്ളം കിട്ടുന്നില്ല. ഹൈലെവൽ വാട്ടർ ടാങ്ക് നിർമ്മിച്ച് ഇതിനൊരു പരിഹാരം ഉണ്ടാക്കണമെന്നഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ അവിടെയുള്ള 50 ശതമാനം ജീവനക്കാരും മറ്റ് ജില്ലകളിൽ നിന്നു വന്നവരാണ്. അവർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികളും സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, കണ്ണൂർ ഗവൺമെൻറ് പ്രസ്സിലെ ജീവനക്കാരുടെ താമസ സൗകര്യം, വെള്ളത്തിനുള്ള ബുദ്ധിമുട്ട്, പ്രസ്സ് കെട്ടിടത്തിൻെറ ശോചനീയാവസ്ഥ തുടങ്ങിയ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള ചില നിർദ്ദേശങ്ങളും ഡയറക്ടർ ഗവൺമെൻറിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്സ് കെട്ടിടത്തിന് ഒരു എക്സോസ്റ്റ് ഫാൻ കൊടുക്കുന്നതിനും, ഈ ജോലികളൊക്കെ നടത്തിക്കൊണ്ടുവരാനും ഗവൺമെൻറ് തീരുമാനിച്ചപ്പോൾ 30-7-1983-ൽ ഉണ്ടായ ഗവൺമെൻറിൻെറ ചെലവുചുരുക്കൽ വന്നതുകൊണ്ട് ചില പ്രയാസങ്ങളും ഉണ്ടായിയെങ്കിലും ഇന്ന് അതിനുള്ള ചില നടപടികളും സ്വീകരിച്ചു വരികയാണ്. കണ്ണൂർ പ്രസ്സിൽ സീലിംഗിനുവേണ്ടി 1,66,000 രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. ചീഫ്

LIBRARY ARCHIVES Kerala Legislative Assembly